## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*63.** **09.08.2017 ൽ മറുപടിയ്ക്ക്**

## പുതിയ മദ്യ നയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്<br>,, എൽദോസ്.പി.കുന്നപ്പിള്ളിൽ<br>,, കെ.എസ്.ശബരീനാഥൻ<br>,, അൻവർ സാദത്ത് :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ മദ്യ നയം പ്രഖ്യാപിച്ചിട്ടുണ്ടോ;<br><br>വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്ത് പുതിയ മദ്യ നയം പ്രഖ്യാപിച്ച് 13/06/2017 ലെ G.O(MS)No.43/2017/TD പ്രകാരം ഉത്തരവായിട്ടുണ്ട്. കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കി വാർത്തെടുക്കാനുതകുന്ന അബ്കാരി നയമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അബ്കാരി നയത്തിലുള്ള പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>(i) കേരള സമൂഹത്തിൽ അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറച്ചു കൊണ്ടുവരുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ലഹരി വർജ്ജന മിഷൻ, വിമുക്തിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും സഹകരിപ്പിച്ച് ശക്തിപ്പെടുത്തുന്നതാണ്.<br>(ii) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതുമാണ്.<br>(iii) സംസ്ഥാനത്ത് മൂന്ന് സ്റ്റാറിനും അതിന് മുകളിലും സ്റ്റാർ ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | (iv) ബാറുകളുടെ പ്രവർത്തന സമയം നിലവിലെ 12.30 മണിക്കൂറിൽ (രാവിലെ 9.30 മുതൽ രാത്രി 10 വരെ)നിന്നും 12 മണിക്കൂറായി രാവിലെ 11 മണി മുതൽ രാത്രി 11 മണി വരെ ആയി ക്രമപ്പെടുത്തുന്നതാണ്.വിനോദസഞ്ചാര മേഖലയിൽ സമയം രാവിലെ 10 മണി മുതൽ രാത്രി 11 മണി നിജപ്പെടുത്തുന്നതാണ്.<br>(v) മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21 വയസ്സിൽ നിന്നും 23 വയസ്സായി ഉയർ ത്തുന്നതാണ്.<br>(vi) ബാർ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയിൽ നിന്നും 28 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതാണ്.<br>(vii) കള്ള്ഷാപ്പുകളുടെ നടത്തിപ്പ്, നടപ്പ് സാമ്പത്തിക വർഷത്തെ ശേഷിക്കുന്ന 9 മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.<br>(viii) ടോഡി ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചു. |
| (ബി) | മുൻ സർക്കാർ കൈക്കൊണ്ട മദ്യനയം എന്തായിരുന്നു എന്നും അതിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം മാറ്റങ്ങളാണ് പുതിയ മദ്യനയത്തിനുള്ളതെന്നും വ്യക്തമാക്കാമോ? | (ബി) | കഴിഞ്ഞ സർക്കാരിന്റെ മദ്യനയത്തിൽ, പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്ക് മാത്രം ബാർ ലൈസൻസ് നൽകുന്നതിനും,5 സ്റ്റാർ ഒഴികെയുള്ള ഹോട്ടലുകളുടെ ബാർ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. കൂടാതെ 31.03.2014-ൽ പ്രവർത്തിച്ചിരുന്ന ഹൈജീനിക്കായ ബാർ ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസ് അനുവദിക്കുന്നതിനും തീരുമാനിച്ചിരുന്നു. പുതിയ മദ്യനയത്തിൽ ത്രീ സ്റ്റാറും അതിന് മുകളിൽ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുവാനും, ബാറുകളുടെ പ്രവർത്തന സമയം കുറയ്ക്കുവാനും, മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21 |

| | | | |
|---|---|---|---|
| | | | വയസ്സിൽ നിന്നും 23 വയസ്സായി ഉയർത്തുന്നതിനും, ബാർ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയിൽ നിന്നും 28 ലക്ഷം രൂപയായി വർധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**